"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

WP (C) 16463/2014 നമ്പർ കേസിലെ 15.03.2022-ലെ വിധിന്യായം റിവ്യൂ ചെയ്യുന്നതിനായി കൊച്ചിൻ ദേവസ്വം ബോർഡ് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത RP 992/2022-ലെ 09.08.2024-ലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവ് നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.607/2025/LSGD തീയതി, തിരുവനന്തപുരം, 05-03-2025

---

പരാമർശം:-

1. WP(C) 16463/2014 നമ്പർ കേസിലെ RP 992/2022-ലെ ബഹു. ഹൈക്കോടതിയുടെ 09.08.2024-ലെ വിധിന്യായം
2. കൊച്ചിൻ ദേവസ്വം ബോർഡ് കമ്മീഷണറുടെ 03-09-2024 തീയതിയിലെ H1.4071/2000 നമ്പർ കത്ത്.
3. തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 18/01/2025, 11/02/2025 തീയതികളിലെ DW3/PW8/BA/394/03-04 നമ്പർ കത്ത്.

**ഉത്തരവ്**

WP (C) 16463/2014 നമ്പർ കേസിലെ 15.03.2022-ലെ വിധിന്യായം റിവ്യൂ ചെയ്യുന്നതിനായി കൊച്ചിൻ ദേവസ്വം ബോർഡ് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത RP 992/2022 നമ്പർ കേസിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (1) പ്രകാരമുള്ള ഉത്തരവിൽ, തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്ന കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം ക്രമവൽക്കരിച്ച് ഒക്യുപൻസി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഇടക്കാലനടപടിയായി ഹർജിക്കാരന് (കൊച്ചിൻ ദേവസ്വം ബോർഡ്) സർക്കാരിനെ സമീപിക്കാവുന്നതാണെന്നും അത്തരത്തിൽ ഹർജിക്കാരൻ സർക്കാരിനെ സമീപിക്കുകയാണെങ്കിൽ, സർക്കാർ അന്തിമ തീരുമാനം എടുത്ത് രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യണമെന്നും നിർദ്ദേശിച്ചിരുന്നു.

2) തൃശ്ശൂർ കോർപ്പറേഷൻ 36-ാം ഡിവിഷനിൽ തൃശ്ശൂർ വില്ലേജിൽ സർവ്വേ നമ്പർ 251/1 ൽ ഉൾപ്പെട്ട കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് DW3/PW8/BA/394/03-04 തീയതി 18/01/2005 പ്രകാരം ബിൽഡിംഗ് പെർമിറ്റ് ലഭിച്ചിരുന്നുവെന്നും അത് പ്രകാരം 6 നില കെട്ടിടത്തിന്റെ നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ടെന്നും തൃശ്ശൂർ കോർപ്പറേഷന്റെ പരിശോധനയ്ക്ക് ശേഷം ബേസ്മെന്റ്, ഗ്രൗണ്ട്, ഒന്ന് എന്നീ നിലകൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെന്നും കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 1999 പ്രകാരം കെട്ടിടത്തിന്റെ വടക്ക ഭാഗത്ത് സെറ്റ് ബാക്ക് ലഭ്യമല്ലാത്തതിനാൽ രണ്ട്, മൂന്ന്, നാല് നിലകൾക്ക് ഒക്യുപൻസി കിട്ടിയില്ലെന്നും വടക്കുഭാഗത്തുള്ള സ്ഥലവും കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിലും ഇത് സംബന്ധിച്ച് ബഹു. സുപ്രീം കോടതിയിൽ നിലവിൽ നിയമനടപടി ഉള്ളതാണെന്നും പരാമർശം (1) പ്രകാരമുള്ള ബഹു. കേരള ഹൈക്കോടതിയുടെ

ഉത്തരവ് പ്രകാരം ഇടക്കാല നടപടി എന്ന നിലയിൽ കൊച്ചിൻ ദേവസ്വം ബോർഡിനോട് സർക്കാരിനെ സമീപിച്ച് നിർമ്മാണം റഗുലറൈസ് ചെയ്യാൻ വേണ്ട നടപടി എടുക്കാൻ അനുവദിച്ചിട്ടുണ്ടെന്നും ടി കെട്ടിട നിർമ്മാണം റഗുലറൈസ് ചെയ്ത് ഒക്യുപൻസി അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും കൊച്ചിൻ ദേവസ്വം കമ്മീഷണർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു.

3) തുടർന്ന് 22.11.2024-ന് തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി തൃശ്ശൂർ കോർപ്പറേഷൻ അധികൃതരുമായും ജില്ല ടൗൺ പ്ലാനറുമായും ചർച്ച നടത്തുകയും പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ സെക്രട്ടറി 06.12.2024-ന് കൊച്ചിൻ ദേവസ്വം ബോർഡ് അധികൃതരെ നേരിൽ കേൾക്കുകയും സെറ്റ്ബാക്ക് കുറവ് വരുന്ന അതിർത്തിയിലുള്ള ഭൂമി കൊച്ചിൻ ദേവസ്വം ബോർഡിൽ നിന്ന് ചിന്മയ മിഷൻ ലീസിനെടുത്തിട്ടുള്ളതാണെന്നും ടി ഭൂമിയുമായി ബന്ധപ്പെട്ട് നിലവിൽ കേസുണ്ടെന്നും ഹിയറിംഗിൽ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന് ആവശ്യമായ സെറ്റ് ബാക്ക് ലഭ്യമാക്കാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡുമായും ചിന്മയ മിഷനുമായും ചർച്ച നടത്തുന്നതിന് തൃശ്ശൂർ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

4) ടൗൺ പ്ലാനറെയും കൊച്ചിൻ ദേവസ്വം ബോർഡിന്റെയും ചിന്മയ മിഷന്റെയും പ്രതിനിധികളെയും ഉൾപ്പെടുത്തി കോർപ്പറേഷൻ തലത്തിലുള്ള യോഗം 17.01.2025-ൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ നടത്തിയിട്ടുണ്ടെന്നും ഈ യോഗത്തിൽ കൊച്ചിൻ ദേവസ്വം ബോർഡിന്റെ കെട്ടിടത്തിന് ഒക്യുപൻസി ലഭിക്കുന്നതിനാവശ്യമായ സ്ഥലം കൈമാറുന്നതിന് ഒരു ധാരണപത്രം കൊച്ചിൻ ദേവസ്വം ബോർഡും ചിൻമയ മിഷനും തമ്മിൽ ഒപ്പുവെക്കുന്നതിനാവശ്യമായ നടപടികൾ ഒരാഴ്ചയ്ക്കകം എടുക്കുന്നതിനും, സെറ്റ് ബാക്കിന് ആവശ്യമായ ഭൂമി അളന്ന് സ്ഥലത്ത് രേഖപ്പെടുത്തുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തിയും തീരുമാനിച്ചിട്ടുള്ളതായി പരാമർശം (3)-ലെ 18/01/2025-ലെ കത്ത് പ്രകാരവും ടി തീരുമാനപ്രകാരം പൊളിച്ചുമാറ്റേണ്ട ഭാഗം 18/01/2025-ൽ കോർപ്പറേഷൻ എഞ്ചിനീയറിംഗ് വിഭാഗം അളന്നു തിട്ടപ്പെടുത്തിയിട്ടുണ്ടെന്ന് പരാമർശം (3)-ലെ 11/02/2025-ലെ കത്ത് പ്രകാരവും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചിൻ ദേവസ്വം ബോർഡിന്റെ കെട്ടിടത്തിന് ഒക്യുപൻസി ലഭിക്കുന്നതിനാവശ്യമായ സെറ്റ് ബാക്കിന് വേണ്ട സ്ഥലം കൈമാറുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡും ചിന്മയ മിഷനും തമ്മിൽ ഒപ്പുവയ്ക്കുന്ന ധാരണപത്രത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ സെറ്റ് ബാക്ക് ലഭ്യമാക്കി ദേവസ്വം ബോർഡ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ഒക്യുപൻസി അനുവദിക്കുന്നതിന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിക്കൊണ്ട്, പരാമർശം (2) പ്രകാരം കൊച്ചിൻ ദേവസ്വം കമ്മീഷണർ നൽകിയ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

6) പരാമർശം (1) പ്രകാരമുള്ള ബഹു. ഹൈക്കോടതി ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി

സ്പെഷ്യൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

ദേവസ്വം കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്, റൗണ്ട് നോർത്ത്, തൃശ്ശൂർ.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം

സെക്രട്ടറി, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ

ജില്ലാ ടൗൺ പ്ലാനർ, തൃശ്ശൂർ,

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ(വെബ് ആന്റ് ന്യൂ മീഡിയ), വിവരപൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Rajesh N
Date: 06-03-2025 12:10:43

സെക്ഷൻ ഓഫീസർ